൪-ാമതു മേലെഴുതിയ തുകയിൽ കൂടുതലായി ആവശ്യപ്പെട്ടാൽ ഉടമ്പടിപ്പെടുന്ന വിലയനുസരിച്ചു ഏല്പിക്കേണ്ടതും അത്രയും ആവശ്യപ്പെടാതെയിരുന്നാൽ മുഴുവനും ഏല്ക്കണമെന്നു നിർബന്ധിക്കാൻ പാടില്ലാത്തതും ഏല്പിക്കുന്ന ചരക്കിന്റെ വില കൊട്ടാരത്തിൽ നിന്നും വാങ്ങിച്ചുകൊള്ളേണ്ടതും ആകുന്നു.

൫-ാമതു ലേലത്തിനു വിളികേൾക്കുന്നവരെ കുത്തകക്കു സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സർക്കാരിലെ യുക്തംപോലെ ആയിരിക്കയും ചെയ്യും എന്നു

൧൦൮൩-ാമാണ്ടു ഇടവമാസം ൩൦-൹

ആക്ടിംഗ് ഗവമെണ്ടു ചീഫ് സിക്രട്ടരി,
ആർ. മഹാദേവയ്യർ.

ജി. നമ്പർ ൨൨.

പരസ്യം.

ജപദക്ഷിണയിൽ നിത്യനിദാനം മാസവിശേഷം ആട്ടവിശേഷം ഉൾപ്പെട്ട ചിലവിനു ൧൦൯൦-ാമാണ്ടത്തേക്കു താഴെ പറയും പ്രകാരമുള്ള ചരക്കുകൾ വേണ്ടുന്നതാകകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ

ആവശ്യമുള്ള ചരക്കുകളുടെ വിവരം.

൧൪ മുഴം നീളം ഒന്നരെ അരക്കാൽ വീതി ൩൦ രൂപാ തൂക്കമുള്ള ഒന്നാംതരം ഉപ്പട്ടി രണ്ടുവീതം എണ്ണം (൩൩൦)

൧൨ അരമുഴം നീളം ഒന്നരവീതി ൨൪ രൂപാതൂക്കം ഉപ്പട്ടി ഒന്നുവീതം എണ്ണം (൨൭൩)

രണ്ടേമുക്കാൽ മുഴം നീളം ഒന്നര വീതി ൩൦ രൂപാതൂക്കം നാലുചായം അഞ്ചു കൂടിയ ഉപ്പട്ടി ഒന്നുവീതം ഉപ്പട്ടി എണ്ണം (൩൬)

൧൩ മുഴം നീളം രണ്ടര വീതി ചേല ഒന്നുവീതം വാഹനചേല എണ്ണം (൧൫)

൧ മേല്പടി ലഘുവക ചരക്കുകൾ വീതി നീളം തൂക്കം തരം ഇതുകൾക്കു കുറവും പഴക്കവും മനലും ഇല്ലാതെയും ഇഴയും ഊടും ഉള്ളതായിട്ടും മാതിരിക്കു ശരിയിട്ടും ശേഖരിച്ചു ജപദക്ഷിണവകയിൽ കൊണ്ടുചെന്നു നിത്യനിദാനം മാസവിശേഷം ആട്ടവിശേഷം പത്മനാഭ സഹസ്രനാമം മുതലായ അടിയന്തരങ്ങൾക്കു കീഴിൽ ലഘുവക ചരക്കുകൾ ഏതേതു ക്രമത്തിനു ഏല്പിച്ചിട്ടുണ്ടോ ആ ക്രമം അനുസരിച്ചു ജപദക്ഷിണയിൽ നിന്നും ശട്ടംകെട്ടുന്നതുപോലെയും ഏല്പിക്കയും ൟ കത്തുകക്കു മുമ്പോലെ വേണ്ട ജാമ്യം സ്ഥിരപ്പെടുത്തുകയോ ഡെപ്പോസിറ്റു ചെയ്കയും ചെയ്യുന്നതിനു മനസ്സുള്ള ആളുകളെ ഹജൂർകച്ചേരി മുൻപാകെ വരുത്തി നിർത്തി ലേലം വിളിപ്പിച്ചു എല്ലാ ചരക്കിനും ഒന്നിച്ചെങ്കിലും ഏതാനും ചരക്കുകൾ ചില്ലറയായിട്ടെങ്കിലും സഹായവിലക്കു ആവശ്യപ്പെടുന്നതുപോലെ കത്തുക കൊടുക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നതും ലേലത്തിൽ ചേരുന്ന ആളുകൾ ജാമ്യമൊ ഡെപ്പോസിറ്റോ ഉറപ്പാക്കി ഉടമ്പടി എഴുതിവച്ചു കത്തുക നടക്കുമെന്നുള്ള ഉറപ്പിനുവേണ്ടി ലേലസമയം അഞ്ചു രൂപാ കെട്ടിവയ്ക്കേണ്ടതും അങ്ങനെ കെട്ടിവെക്കാത്ത ആളുകളെ ലേലത്തിൽ ചേർക്കുന്നതല്ലാത്തതും ആകയാൽ ൟ കത്തുക ഏറ്റു നടത്താൻ മനസ്സുള്ള ആളുകൾ ൟ വരുന്ന മിഥുനമാസം ൨൭-ാം തീയതി പകൽ ൧൧ മണിക്കു മേൽപ്രകാരം രൂപായോടുകൂടി ഹജൂർകച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളുകയും വേണം.

൨. ലേലം സ്ഥിരപ്പെടുത്തിക്കൊടുക്കുമ്പോൾ മേലെഴുതിയപോലെ കെട്ടിവയ്ക്കുന്ന രൂപായിൽ കത്തുകക്കു ഏല്ക്കുന്നവരുടെ രൂപാ ഡെപ്പോസിറ്റിൽ ഉപയോഗപ്പെടുത്തുകയും ശേഷംപേരുടെ രൂപാ ഉടനെ തിരിച്ചു കൊടുപ്പിക്കയും ചെയ്യുന്നതാകുന്നു.

൩. ലേലത്തിൽ വിളിക്കുന്നതിന്റെശേഷം പോരാത്ത ജാമ്യമൊ ഡെപ്പോസിറ്റോ ഉറപ്പാക്കി ഉടമ്പടി എഴുതി വയ്ക്കാതെയോ ഉടമ്പടി ചെയ്തു കത്തുക നടക്കുന്ന സമയങ്ങളിൽ ഏതെങ്കിലും സാമാനങ്ങൾ ഏല്പിക്കാതെയോ ഹാജരാക്കുന്ന സാമാനങ്ങൾക്കു മേന്മ ഇല്ലാതെയും തരഭേദമായും ഇരിക്കയോ ൟ കത്തുകയിൽ നിന്നും പിൻവാങ്ങുകയോ ചെയ്യുന്ന പക്ഷം ൟ കത്തുക ആവർത്തിച്ചു ലേലം വിളിപ്പിച്ചൊ വേറെവിധം ഏർപ്പാടു ചെയ്തൊ നടത്തിക്കയും അങ്ങനെ നടത്തിക്കുന്നതിൽ സർക്കാരിലേക്കു ഏതെങ്കിലും നഷ്ടം ഉണ്ടായാൽ ആ വക നഷ്ടത്തിനു ആദ്യ കത്തുകക്കാരനെക്കൊണ്ടു ഉത്തരവാദം പറയിക്കയും ലേലസമയം വച്ച ഡെപ്പോസിറ്റ് പ്രായശ്ചിത്തമായി മുതൽകൂട്ടിക്കയും ചെയ്യുന്നതും ആവർത്തിച്ചു ലേലം വിളിപ്പിക്കുന്നതിൽ ലാഭം വരുന്ന സംഖ്യക്കു ആദ്യ കത്തുകക്കാരനു അവകാശം പറഞ്ഞുകൂടാത്തതുമാകുന്നു.

൪. മേലെഴുതിയ തുകയിൽ കൂടുതലായി ആവശ്യപ്പെട്ടാൽ ഉടമ്പടിയിൻ വില അനുസരിച്ചു ഏല്പിക്കേണ്ടതും അത്രയും ആവശ്യപ്പെടാതെയിരുന്നാൽ മുഴുവനും എടുക്കണമെന്നു നിർബന്ധിക്കാൻ പാടില്ലാത്തതുമാകുന്നു.

൫. വിളി കേൾക്കുന്നവരെ കത്തുകക്കു സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സർക്കാരിലെ യുക്തംപോലെ ആയിരിക്കയും ചെയ്യും എന്നു

൧൦൮൯-ാമാണ്ടു ഇടവമാസം ൩൦-നു

ആക്ടിംഗ് ഗവർമെണ്ടു ചീഫ്സിക്രട്ടറി,

ആർ. മഹാദേവയ്യർ.

ജി. നമ്പൻ

## പരസ്യം.

തിരുവനന്തപുരം ഉൾപ്പെട്ട കണ്ടുകൃഷിയിൽ ചേർന്ന ഇടപ്പഴം കല്ലവായിൽ നിന്നു വലിയകൊട്ടാരം മുതലായ സ്ഥലങ്ങളിൽ കൊച്ചുമറ്റപ്പള്ളി ഉൾപ്പെട്ട ചിലവു വകക്കു ഫലവ്യഞ്ജനാദികളെക്കു താഴെ പറയുന്ന സാമാനങ്ങളും വേണ്ടുന്നതാകകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ

### ആവശ്യമുള്ള സാമാനങ്ങളുടെ വിവരം.

| | |
|---|---|
| കാളിപ്പൂ | ൨൪൫ |
| ചെവൻകളിപ്പൂ | ൨൫൦൦൦ |
| പടറ്റിപ്പഴക്കാ ഉലയ്ക്കു ൧൦൦ കാ ൩൮ വീതം കാ | ൭൦൦൦൦ |
| പട്ടാളി കറിക്കാ ൧൦൦കാ ഉലയ്ക്കു ൧ വീതം കാ | ൧൫൦൪൭൦ |
| ഏത്തൻകാ കാളാമുണ്ടം നീക്കി കാ ൪൦ കാ ഉലയ്ക്കു രണ്ടര വീതം | ൧൫൭൪൭൦ |
| അണ്ണാൻപഴം | ൨൫൨൦ |
| പൂവൻപഴം | ൧൦൦൦ |
| ഏത്തൻപഴം ടി വകപ്പടി കാ | ൨൭൭൦൦ |
| ഇളയൻ ൧൦ പലം ൨൦ വീതം | ൪൨൭൦ |
| വെള്ളരിക്കാ ടി ൩൦ വീതം | ൭൪൨൦ |
| വഴുതനങ്ങാ നൂറിനു ഉലയ്ക്കു രണ്ടു വീതം | ൮൦൫൦൦ |
| കത്തിരിക്കാ നൂറിനു ഉലയ്ക്കു രണ്ടു വീതം | ൩൯൨൦൦ |
| പൊഴക്കാ | ൩൫൪൦൦ |
| ചെമ്പകം മത്തൻ നാലിനു പലം അഞ്ചു വീതം | ൨൭൦൦ |
| കുമ്പിൾ മത്തൻ ഒന്നുക്കു പലം ൫൦ വീതം | ൨൭൦൦ |
| പടവലങ്ങാ ഒന്നുക്കു ഉലയ്ക്കു ൩ വീതം | ൧൫൪൨൦ |
| മുരിങ്ങക്കാ നൂറുക്കു ഉലയ്ക്കു ൧ വീതം | ൫൭൪൦൦ |
| പാവക്കാ പറ | ൧൫ |
| ചുണ്ടക്കാ ഇടങ്ങഴി ഒന്നിനു പലം പത്തു വീതം പറ | ൧൫ |
| നെല്ലിപ്പാവക്കാ പറ | ൨൫ |
| എള്ള് പറ | ൨൦ |
| കാണം പറ | ൨൦ |
| പെരുംപയറു പറ | ൧൫ |
| പച്ചക്കൊള്ളുമുളക ഇടങ്ങഴി ഒന്നിനു പലം പത്തു വീതം പറ | ൩൫ |
| വറ്റൽമുളക പറ | ൩൭൫ |
| ഇഞ്ചി പലം | ൨൪൦൦ |
| പച്ചമാങ്ങാ | ൧൫൫൦൦ |
| നാട്ടുമാമ്പഴം | ൧൦൫൦൬ |
| വരിക്കമാമ്പഴം | ൨൫൦൦ |
| കുടിയൻ പുലാക്കാ | ൧൨൭൦ |
| [illegible] പുലാക്കാ | ൧൦൦൦ |
| വരിക്കപ്പുലാപ്പഴം | ൨൦൦ |
| കുട്ടിവലത്ത പുലാക്കാ | ൫൦ |
| അമരക്കാ പിടി ഒന്നിനു പലം ൫ വീതം പിടി | ൫൦൦ |
| ചീനിഅമരക്കാ പിടി | ൨൫ |
| പയറ്റക്കാ പിടി ഒന്നിനു പലം ൫ വീതം പിടി | ൫൦൦൦ |
| ചേന ഒന്നിനു പലം ൪൦ വീതം എണ്ണം | ൩൫൦൦ |
| കാച്ചിൽ | ൭൫ |
| ചീനിക്കിഴങ്ങു നൂറുക്കു ഉലയ്ക്കു ൧ വീതം എണ്ണം | ൧൨൨൦൦ |
| ചെറുകിഴങ്ങു ൫൦ നു ഉലയ്ക്കു ഒന്നുവീതം | ൫൫൦൦ |
| ചേമ്പു ഇടങ്ങഴി ഒന്നിനു പലം ൧൫ വീതം പറ | ൩൦ |
| ചീവക്കിഴങ്ങു പറ | ൩൦ |
| ഒന്നാം തരം തേങ്ങാ | ൭൦൨൦൦ |
| നാടൻ പാക്കു | ൧൦൫൦൦ |
| വിളയുപലം | ൭൫൨൦ |
| ഇടത്തരം കലം | ൧൨൫ |
| വലിയ കലം | ൨൫ |
| വലിയ മിടാവു നാലുപറ വെള്ളം കൊള്ളുന്നതു | ൧൨൫ |
| മിടാവു മൂന്നു പറ വെള്ളം കൊള്ളുന്നതു | ൧൫൦ |
| ഒരു പറ രണ്ടിടങ്ങഴി വെള്ളം കൊള്ളുന്ന കുടം | ൧൭൫ |
| കൊമ്പൻപാളക്കാ ൧൦ നു പലം ഒന്നേകാൽവീതം | ൧൦൦൦ |
| തവി | ൧൫൨൦൦ |
| വലിയ തവി | ൧൨൭ |
| മാതളനാരങ്ങാ ഒന്നിനു പലം മൂന്നുവീതം | ൨൫ |
| ചട്ടി | ൫൦൦ |
| അടപ്പു ചട്ടി | ൩൦ |
| മുറം | ൨൫ |
| ചെമ്പരവു | ൬൫൦ |
| ചെവട്ടി | ൨൦൦൦൦ |
| ചൂരൽകെട്ടു | ൧൦൦൦ |
| വലിയ വട്ടി | ൧൨൫ |
| [illegible]നാരങ്ങാ | ൫൦ |
| പച്ചകൊത്തമല്ലി പിടി | ൧൦൦ |
| കൈപ്പൻപടവലങ്ങാ പറ | ൧ |
| രണ്ടേകാൽ നിളം നാലുവിരൽ വീതി ഒരു ചാണം കനത്തിൽ പപ്പടകക്കോൽ | ൧൫ |
| ചെറിയ പപ്പടകം നൂറിനു കെട്ടു ഒന്നിനു പലം ൧൦ വീതം എണ്ണം | ൮൦൬൦൦ |
| വലിയ പപ്പടകം നൂറിനു കെട്ടു ഒന്നിനു പലം ൩൦ വീതം എണ്ണം | ൨൦൦൦ |
| വാഴയില | ൬൫൦൦൦൦ |
| പൂതരി ചുണ്ടക്കാ പറ | ൧ |
| തകരയില കെട്ടു | ൨ |
| ഉറത്തെങ്ങാ പറ | ൨൫ |
| മരവി | ൫ |
| കവുങ്ങുതടി | ൧൦ |
| പനയോലപ്പുറവു | ൧൦ |
| നല്ലമുളകായ പിടി ഒന്നിനു പലം ൨ വീതം പിടി | ൫൦ |
| കള്ളിമാങ്ങാ പറ | ൧൦ |
| വിളാപ്പഴം | ൨൦൦ |
| കാട്ടുചുണ്ടക്കാ ഇടങ്ങഴി | ൫ |
| പിണ്ണാക്കു പിണ്ണു | ൨൫ |
| പച്ചക്കായൽ ഇടങ്ങഴി | ൧൦ |
| മുരിക്കപ്പൊടി | ൫൦൦ |
| മുതിരപ്പൂ പറ | ൧ |
| പൊതിനായു പിടി | ൧൦ |
| വെപ്പില പിടി | ൨൦ |
| ഇഞ്ചിപ്പുല്ല പിടി | ൫ |
| ഇലഞ്ഞിപ്പൂ ഇടങ്ങഴി | ൫ |
| മണക്കാട്ടുചുണ്ടക്കാ പറ | ൧ |
| കാശിത്തുമ്പ ഇടങ്ങഴി | ൫ |
| തഴുതാമ | ൫ |
| പുളിയാരൽ | ൫ |
| കരിങ്ങാലി പിടി | ൧൫ |
| പച്ചപ്പുളി ഇടങ്ങഴി | ൫ |
| [illegible] | ൨൫ |

| | | | |
|---|---|---|---|
| കലശക്കുടം | ൭ | ഉരുളി | ൫൦൦ |
| ചിറക്കു പിടി | ൬൦ | ഇളനീര് | ൨൦൦ |
| നാരകത്തില പിടി | ൫൦ | പീരപിടി | ൫൦൦൦ |
| കാക്കട്ടക്കുടം | ൫൦൦ | വെററില | ൧൦൦൦൦ |
| തെച്ചിമന്ദാരപ്പൂവു | ൮൦൦ | തിരുവാവടം | ൧൬ |
| കാന്താരി മുളക പറ | ൨ | | |

൫ാമതു. മേലെഴുതിയതിന്നും ആവശ്യമുള്ള സാമാനങ്ങളും വിലകൂടാതെ പച്ചമങ്ങളും കട്ടിത്തക്കാളി ഈ വകകൾ മാത്രംകെട്ടുന്ന സമയങ്ങളില്ലം. കൊട്ടാരം വക കലവറയിൽ ഏല്പിപ്പാനുള്ളതാകകൊണ്ടു ആയതു ശേഖരിച്ചു ഏല്പിക്കയും. ഈ കരാറുകളെ മുറപോലെ വേണ്ട ജാമ്യം സ്ഥിരപ്പെടുത്തുകയോ ഡിപ്പോസിറ്റു വെക്കയോ ചെയ്കയും. ചെയ്യുന്നതിനു മനസ്സുള്ള ആളുകളെ ഹജൂർക്കച്ചേരി മുമ്പാകെ വരുത്തി നിറുത്തി ലേലം വിളിപ്പിച്ചു എല്ലാ ചരക്കിനും ഒന്നിച്ചെങ്കിലും ഏതാനും ചരക്കുകൾ ചില്ലറയായിട്ടെങ്കിലും ന്യായമായ വിലക്കു ആളെ ഏല്പിടുന്നതുപോലെ കരാറു കൊടുക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നതും. ലേലത്തിൽ ചേരുന്ന ആളുകൾ ജാമ്യമൊ ഡിപ്പോസിറ്റൊ ഉറപ്പാക്കി ഉടമ്പടി എഴുതിവച്ചു കരാറുകാരനാകുമെന്നുള്ള ഉറപ്പിനുവേണ്ടി ലേല സമയം ൩൦ രൂപാ കെട്ടിവെക്കേണ്ടതും അങ്ങനെ രൂപാ കെട്ടിവെക്കാത്ത ആളുകളെ ലേലത്തിൽ ചേൎക്കുന്നതല്ലാത്തതും ആകയാൽ അതിന്മണ്ണം ഈ കരാറു ഏറ്റു നടപ്പാൻ മനസ്സുള്ള ആളുകൾ ഈ വരുന്ന മിഥുന മാസം ൨൩നു പകൽ ൧൨ മണിക്കു മേൽപ്രകാരം രൂപായോടുകൂടി ഹജൂർക്കച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളുകയും വേണം.

൬ാമതു. ലേലം സ്ഥിരപ്പെട്ടുകഴിയുമ്പോൾ മേലെഴുതിയതുപോലെ കെട്ടിവെക്കുന്ന രൂപായിൽ കരാറുകളെ ഏല്പെടുന്നവരുടെ രൂപാ ഡിപ്പോസിറ്റിനു ഉപയോഗപ്പെടുത്തുകയും. ശേഷം പേരുടെ രൂപാ ഉടനെ തിരിച്ചു കൊടുപ്പിക്കയും ചെയ്യുന്നതാകുന്നു.

൭ാമതു. ലേലത്തിൽ വിളികേട്ടതിന്റെ ശേഷം പോരാത്ത ജാമ്യമൊ ഡിപ്പോസിറ്റൊ ഉറപ്പാക്കി ഉടമ്പടി എഴുതിവെക്കാതെയോ ഉടമ്പടി ചെയ്തു കരാറു നടക്കുന്ന സമയങ്ങളിൽ ഏതെങ്കിലും സാമാനങ്ങൾ ഏല്പിക്കാതെയൊ ഹാജരാക്കുന്ന സാമാനങ്ങൾ മേന്മ ഇല്ലാതെയും തരഭേദമായും ഇരിക്കയൊ ഈ കരാറിൽ നിന്നും പിൻവാങ്ങുകയൊ ചെയ്താൽ ഈ കരാറു ആവൎത്തിച്ചു ലേലം വിളിപ്പിച്ചൊ വേറെ വിധം ഏൎപ്പാടു ചെയ്തൊ നടത്തിക്കയും അങ്ങനെ നടത്തിക്കുന്നതിൽ സൎക്കാരിലേക്കു ഏതെങ്കിലും നഷ്ടം വന്നാൽ ആ വക നഷ്ടത്തിനു ആദ്യ കരാറുകാരനെക്കൊണ്ടു ഉത്തരവാദം പറയിക്കയും ലേലസമയം വച്ച ഡിപ്പോസിറ്റു പ്രായശ്ചിത്തമായി മുതൽകൂട്ടിക്കയും ചെയ്യുന്നതും ആവൎത്തിച്ചു ലേലം വിളിപ്പിക്കുന്നതിൽ ലാഭം വരുന്ന സംഖ്യക്കു ആദ്യ കരാറുകാരൻ അവകാശം പറഞ്ഞുകൂടാത്തതും ആകുന്നു.

൮ാമതു. മേലെഴുതിയ തുകയിൽ കൂടുതലായി ആവശ്യപ്പെട്ടാൽ ഉടമ്പടിയുന്ന വില അനുസരിച്ചു ഏല്പിക്കേണ്ടതും അത്രയും ആവശ്യപ്പെടാതെയിരുന്നാൽ മുഴുവനും ഏല്ക്കണമെന്നു നിൎബന്ധിക്കാൻ പാടില്ലാത്തതും ഏല്പിക്കുന്ന സാമാനത്തിന്റെ വില കൊട്ടാരത്തിൽ നിന്നും വാങ്ങിച്ചുകൊള്ളേണ്ടതും ആകുന്നു.

൯ാമതു. ലേലത്തിൽ വിളികേൾക്കുന്നവരെ കരാറുകാരെ സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സൎക്കാരിലെ യുക്തംപോലെ ആയിരിക്കയും ചെയ്യും എന്നു

൧൦൮൩മാണ്ടു ഇടവമാസം ൩൦നു

ആക്ടിംഗ് ഗവൎമ്മെണ്ടു ചീഫ് സിക്രട്ടറി,

ആർ. മഹാദേവയ്യർ.

G. നൻനം.

പരസ്യം.

കൊട്ടാരത്തിൽ മാങ്ങാപ്പുരയിൽ ഉപ്പിലിട്ട വകക്കു ൧൦൭൪-ാമാണ്ടത്തെ ചിലവിനു താഴെ പറയുന്ന പ്രകാരം ഉള്ള കോപ്പുകൾ വേണ്ടുന്നതു അതുകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ

ആവശ്യമുള്ള കോപ്പുകളുടെ വിവരം.

| | | | |
|---|---|---|---|
| നെല്ലിക്ക പറ | ൨൪൦ | വലിയ ചുണ്ടക്കാ ഇടങ്ങഴി ൧നു പലം ൧൦ വീതം പറ | ൩൦ |
| കണ്ണിമാങ്ങാ പറ | ൨൫൦ | ഇളവൻ ൧ക്കു പലം ൪൦ വീതം എണ്ണം | ൧൨൪൦ |
| കൊമ്പൻപടവലങ്ങാ ൧ക്കു പലം അഞ്ചു വീതം എണ്ണം | ൫൦൦ | പച്ചത്തക്കാളിക്കാ പറ | ൨൨ |
| വലിയ മാങ്ങാ എണ്ണം | ൫൪൦൦൦ | പാവക്കാ ഇടങ്ങഴി ൧ക്കു പലം ൧൦ വീതം പറ | ൭൫ ൧/൪ |
| മത്തു നാരങ്ങാ ൧ക്കു പലം മൂന്നുമുക്കാൽ വീതം എണ്ണം | ൭൨൪൦ | വിളഞ്ഞ പുലാക്കാ എണ്ണം | ൩൦ |
| കൈപ്പൻ നാരങ്ങാ ൧ക്കു പലം മൂന്നു മുക്കാൽ വീതം എണ്ണം | ൬൨൦൦ | പയററങ്ങാ പിടി ൧നു പലം പത്തു വീതം പിടി | ൧൦൭ |
| ഇരുമ്പിച്ചി നാരങ്ങാ ൧ക്കു പലം ഒന്നരവീതം എണ്ണം | ൪൫൦൦ | വെണ്ടക്കാ എണ്ണം | ൫൦൦ |
| ഇഞ്ചി തുലാം | ൧൫൪ | കാന്താരിമുളകു പറ | ൧൨ |
| പുത്തരി ചുണ്ടക്കാ പറ | ൨൮ | കത്തിരിക്കാ ൧നു പലം രണ്ടു വീതം എണ്ണം | ൫൦൦ |
| പച്ച കൊച്ചുമുളക് ഇടങ്ങഴി ൧നു പലം ൧൦ വീതം പറ | ൩൫ | കൈപ്പൻ പടവലങ്ങാ പറ | ൩൭ |

൧. മേലെഴുതിയതിന്മണ്ണം ൨൦ ഇനം കോപ്പുകൾ ആവശ്യംപോലെ ശേഖരിച്ചു ക്രമപ്രകാരം കൊട്ടാരത്തിൽ ഏല്പിക്കയും മുൻപോലെ വേണ്ട ജാമ്യമൊ ഡേമണിയൊ ഉറപ്പാക്കുകയും ചെയ്യുന്നതിനു മനസ്സുള്ള ആളുകളെ ഹജൂർകച്ചേരി മുമ്പാകെ വരുത്തി നിറുത്തി ലേലം വിളിപ്പിച്ചു എല്ലാ കോപ്പുകൾക്കും ഒന്നിച്ചെങ്കിലും ഏതാനും കോപ്പുകൾ ചില്ലറയായിട്ടെങ്കിലും സഹായ വിലക്കു ആളേല്പ്പിടുന്നതുപോലെ കുത്തക കൊടുക്കുന്നതുമല്ലാതെ നിശ്ചയിച്ചിരിക്കുന്നതും ലേലത്തിൽ ചേരുന്ന ആളുകൾ ജാമ്യമൊ ഡേമണിയൊ ഉറപ്പാക്കി കുത്തക നടക്കുമെന്നുള്ള ഉറപ്പിനു വേണ്ടി ലേലസമയം ൧൦൦ രൂപാ ഡേമണി വെക്കേണ്ടതും അങ്ങനെ രൂപാ കെട്ടി വെക്കാത്ത ആളുകളെ ലേലത്തിൽ ചേർക്കുന്നതല്ലാത്തതും ആകയാൽ അതിന്മണ്ണം കുത്തകയെ നടപ്പാൻ മനസ്സുള്ള ആളുകൾ ൩൧-ാം വരുന്ന മിഥുനമാസം ൧-നു പകൽ ൧൧ മണിക്ക മേൽ പ്രകാരം രൂപായോടുകൂടി ഹജൂർകച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളുകയും വേണം.

൨. ലേലം സ്ഥിരപ്പെട്ടുകൂടുമ്പോൾ മേലെഴുതിയപോലെ കെട്ടി വെക്കുന്ന രൂപായിൽ കുത്തകക്കു ഏല്ക്കുന്നവരുടെ രൂപാ ഡേമണിക്കു ഉപയോഗപ്പെടുത്തുകയും ശേഷംപേരുടെ രൂപാ ഉടനെ തിരിച്ചു കൊടുപ്പിക്കയും ചെയ്യുന്നതാകുന്നു.

൩. ലേലത്തിൽ വിളിക്കുന്നതിന്റെ ശേഷം പോരാത്ത ജാമ്യമൊ ഡേമണിയൊ ഉറപ്പാക്കി ഉടമ്പടി എഴുതി വെക്കാതെയൊ ഉടമ്പടി ചെയ്തു കുത്തക നടക്കുന്ന സമയങ്ങളിൽ ഏതെങ്കിലും സാമാനങ്ങൾ ഏല്പിക്കാതെയൊ ഹാജരാക്കുന്ന സാമാനങ്ങൾ മേനിഇല്ലാതേയും തരഭേദമായും ഇരിക്കയൊ ൧-ം കുത്തകയിൽ നിന്നും പിൻവാങ്ങുകയൊ ചെയ്താൽ ൧-ം കുത്തക ആവർത്തിച്ചു ലേലംവിളിപ്പിച്ചൊ വേറെ വിധം ഏർപ്പാടുചെയ്തൊ നടത്തിക്കയും അങ്ങനെ നടത്തിക്കുന്നതിൽ സർക്കാരിലേക്കു ഏതെങ്കിലും നഷ്ടം വന്നാൽ ആ വക നഷ്ടത്തിനു ആദ്യ കുത്തകക്കാരനെകൊണ്ടു ഉത്തരവാദം പറയിക്കയും ലേലസമയം വച്ച ഡേമണി പ്രായശ്ചിത്തമായി മുതൽ കൂട്ടിക്കയും ചെയ്യുന്നതും ആവർത്തിച്ചു ലേലം വിളിപ്പിക്കുന്നതിൽ ലാഭംവരുന്ന സംഖ്യക്കു ആദ്യ കുത്തകക്കാരൻ അവകാശം പറഞ്ഞുകൂടാത്തതും ആകുന്നു.

൪. മേലെഴുതിയ തുകയിൽ കൂടുതലായി ആവശ്യപ്പെട്ടാൽ ഉടമ്പടുന്ന വില അനുസരിച്ചു ഏല്പിക്കേണ്ടതും അത്രയും ആവശ്യപ്പെടാതെയിരുന്നാൽ മുഴുവനും ഏല്ക്കണമെന്നു നിർബന്ധിക്കാൻ പാടില്ലാത്തതും ഏല്പിക്കുന്ന സാമാനത്തിന്റെ വില കൊട്ടാരത്തിൽ നിന്നും വാങ്ങിച്ചുകൊള്ളേണ്ടതും ആകുന്നു.

൫. ലേലത്തിൽ വിളികേൾക്കുന്നവരെ കുത്തകക്കു സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സർക്കാരിലെ യുക്തംപോലെ ആയിരിക്കയും ചെയ്യും എന്നു.

൧൦൭൪-ാമാണ്ടു ഇടവമാസം ൩൧-നു

ആക്ടിംഗ് ഗവർമ്മെണ്ടു ചീഫ് സിക്രട്ടറി,
ആർ. മഹാദേവയ്യർ.

*A Catalogue of Books printed in Travancore during the months of Kumbhom, Meenom and Medom (on the Third Quarter of) 1083.*

| Serial No. | Registration Number. | Title of Book and contents of Title-page. | Language. | Name of author, Translator or Editor. | Subject. | Place of printing and publication. | Name of the Printer and Publisher. | Date of issue from the Press. | Number of pages. | Size. | Number of the edition. | Number of copies of the edition. | Printed or Lithographed. | Price per copy. | Name and residence of the Proprietor of the copyright. | Date on which copyright is registered. | Date of receipt of book. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | | Rs. ch. c. | | | |
| 1 | 64 | Righteousness and Life. | Malayalam. | Rev. T. K. Benjamin, Translator. | Biblical. | C. M. S. Press, Kottayam, C. M. S. Book Depot. | John Chandy. | 26-2-08 | 141 | Demi 16mo. | 1st | 1000 | Printed | 0-3-0 | | | 20-3-08 |
| 2 | 55 | Calendar and Directory 1908 St. Joseph's High School Trivandrum. | English. | Mr. R. P. Kolundaswamy Pillay B. A., L. T., Headmaster. | Calendar. | Keralodyam Press, Trivandrum. | M. Palpu Pilloy, Printer. Mr. R. P. Kolundaswamy Pillay. Publisher. | 12-7-83 | 87 | Demi 8vo. | Do. | 500 | Do. | 0-4-0 | | | 25-3-08 |
| 3 | 56 | Report of the Trivandrum City Mission for 1907 London Missionary Society. | Do. | Mr. H. T. Wills. | Report. | Do. | M. Palpu Pillay, Printer, Mr. H. T. Wills, Publisher. | 24-7-83 | 31 | Demi 16 | Do. | 250 | Do. | | | | Do. |
| 4 | 57 | The Annual report of the Church Committee of the Native congrigation Christ Church, Trivandrum for 1907. | English and Malayalam. | Mr. N. S. Asirvadam Pillay. | Do. | Do. | M. Palpu Pillay, Printer, Mr. N. S. Asirvadam Pillay. Publisher. | 6-8-83 | 9 | Demi 8 vo | Do. | 150 | Do. | | | | Do. |
| 5 | 58 | Report and rules of the Vattakkat Nayar Samaj. | Malayalam. | C. R. Palpoo Pillay, Author, Secretary vattakkat Nayar Samaj. | Social. | Swadeshabhimani Press, Trivandrum. | K. Rama Krishna Pillay B. A., Printer. C. R. Palpu Pillay Publisher. | 20-8-08 | 17 | Do. | Do. | 400 | Do. | | | | 19-1-08 |
| 6 | 59 | A Geograpy of the Madras Presidency. | Do | A. M. Kumara Pillay. | Geography. | Vidyabhivardhini Press, Quilon. | V. Narayana Pillay, Publisher. S. T. Reddiar, Printer. | 2-8-83 | 89 | Do. | 2nd | 1000 | Do. | 0-7-0 | | | 1-5-08 |
| 7 | 60 | Notes, Geography of Travancore. | Do. | K. Gopala Pillay | Do. | Do. | S. T. Reddiar. | 5-8-83 | 26 | Do. | 1st | 750 | Do. | 0-2-0 | | | Do. |
| 8 | 61 | A New story of Albadukarimanka. | Do | P. G. Lakshmana Pillay. | General. | Do. | Do | 20-8-83 | 98 | Do | 2nd. | 750 | Do. | 0-6-0 | | | Do. |
| 9 | 62 | Janova Natakam. | Do. | Kunjoo Panikar. | Drama | Do. | Do. | 20-8-83 | 44 | Do. | 4th | 750 | Do. | 0-5-4 | | | Do. |
| 10 | 63 | Ramayanam 24 Vritthoms. | Do. | ... | General | Do. | Do. | 5-0-83 | 54 | Do. | 15th | 1000 | Do. | 0-2-0 | | | Do. |
| 11 | 64 | Syamanthakam. | Do. | Sukamara Pillai. | Do. | Do. | Do. | 18-8-83 | 32 | Royal 16 | 1st | 1500 | Do. | 0-3-9 | | | Do. |
| 12 | 65 | Sandhya Namam. | Do. | Sankoo Ashan. | Do. | Do. | Do. | 20-8-83 | 12 | Demi 12. | 6th | 3000 | Do. | 0-1-0 | | | Do. |
| 13 | 66 | Neethi Saram. | Do. | ... | Do. | Do. | Do. | 20-8-83 | 24 | Do. | 14th | 3000 | Do. | 0-1-0 | | | Do. |
| 14 | 67 | Keerthana Slokams. | Do. | ... | Do. | Do. | Do. | 20-8-83 | 40 | Royal 16 | 15th | 1500 | Do. | 0-1-13 | | | Do. |
| 15 | 68 | Padya vrithom. | Do. | ... | Do. | Do | Do. | 20-8-83 | 12 | Demi 12. | 21th | 3000. | Do. | 0-0-8 | | | Do. |

*A Catalogue of Books printed in Travancore during the months of Kumbhom, Meenom and Medom (or the Third Quarter of) 1083.*

| Serial No. | Registration Number. | Title of Book and contents of Title-page. | Language. | Name of Author, Translator or Editor. | Subject. | Place of printing and publication. | Name of the Printer and Publisher. | Date of issue from the Press. | Number of pages. | Size. | Number of the edition. | Number of copies of the edition. | Printed or lithographed. | Price per copy. | Name and residence of the proprietor of the copyright. | Date on which copyright is registered. | Date of receipt of book. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 16 | 69 | Were the Syrian Christians Nestorians? | Malayalam. | C. P. Thuraken. | Religions. | M. M. Press, Kottayam. | Manager M. M. Company. | 31-10-07 | 68 | Super Royal 12 | 1st | 1000 | Printed. | Rs.ch.c. 0-7-0 | | | 4-5-08 |
| 17 | 70 | Mahisha mangala sousham. | Do. | Jatharedan Namboori pad. | Do. | Do. | Do. | 31-8-07 | 74 | Do. | Do. | Do. | Do | 0-14-4 | | | Do. |
| 18 | 71 | Dharmacharitham. | Do. | Mr. Sankuni. | General. | Do. | Do. | 26-10-07 | 20 | Super Royal 16 | Do. | 500 | Do | 0-2-0 | | | Do. |
| 19 | 72 | Prathama Vyakaranam. | Do. | M. R. Ry. Raja Raja Varma | Grammar. | M. M. Press, Kottayam. | Do. | 21-2-08 | 68 | Do. 12 | 3rd | 5000 | Do | 0-4-0 | | | 4-5-08 |
| 20 | 73 | Santhana Gopalam. | Do. | Kilimanur Koil Thampuran. | General. | Do. | Do. | 20-2-08 | 24 | Do. | 2nd | 500 | Do | 0-1-0 | | | Do. |
| 21 | 74 | Do. | Do. | Do. | Do. | Do. | Do. | 10-4-08 | Do. | Do. | 3rd | 500 | Do | 0-1-0 | | | Do. |
| 22 | 75 | Pooram Thirunal Amma Thampuratti. | Do. | R. Kolathu Iyer. | Do. | Do. | Do. | 8-4-08 | 16 | Do. | 1st | ... | Do | ... | | | Do. |
| 23 | 76 | Why are we Protestants. | English. | Mr. H. T. Wills, Editor. | Religious. | Keralodayam Press, Trivandrum. | Raymond D'Cruz Printer. Mr. H. T. Wills, Publisher. | 9-6-83 | 13 | Demi 8vo. | Re-print. | 1000 | Do | ... | | | 8-5-08 |
| 24 | 77 | The 16th Annual Report of the Malabar Mar-Thoma Syrian Christian Evangelistic Association for the year ending Karkadagom 1082. | Malayalam. | Rev. C. P. Philipose Secretary of the Association. | Report. | Dharmavilasom Press, Tiruvalla. | M. C. Kurian, Printer. Rev. C. P. Philipose Publisher. | 30-4-08 | 135 | Royal 12mo. | 1st | 1000 | Do | Free | | | 11-5-08 |
| 25 | 78 | A commentary on the First Epistle general of John. | Malayalam. | Rev. W. J. Edmonds, Author. | Biblical. | C. M. S. Press Kottayam, C. M. S. Book depot Kottayam. | John Chandy. | 23-4-08 | 39 | Demi 8vo | 1st | 500 | Do | 0-5-6 | | | 13-5-08 |
| 26 | 79 | Yuyoma Nityakshara Vivarangal. | Malayalam. | Eustace Jacob. | Religions. | Malayala Manorama Press Kottayam. | M. M. Company. | 22-5-08 | 68 | Super Royal 16 | Do. | 300 | Do | 0-1-0 | | | 25-5-08 |
| 27 | 79 A | Anniversary of H. H. the Maha Raja's College, 1907. | English. | Government. | Report. | Government Press Trivandrum. | Government. | 7-7-83 | 14 | Royal 8vo. | | 200 | Do | | | | 24-5-08 |
| 28 | 79 B | The 15th Annual Report of the Trivandrum Friend in Need Society for 1907. | Do. | Committee. | Do. | Do. | Do. | 14-7-83 | 10 | Demi 8vo. | | 150 | Do | | | | Do. |
| 29 | 79 C | Index to Law Report Vol. XXII. | Do. | Government. | Law. | Do. | Do. | 20-7-83 | 38 | Ryl 8vo | | 500 | Do | | Government | 4-4-08 | Do. |
| 30 | 79 D | Forest Code. | Do. | Do. | Code. | Do. | Do. | 14-8-83 | 298 | Do. | | 810 | Do | | | | Do. |
| 31 | 79 E | Catalogue of Books in the Library of H. H. the Maha Raja's College Trivandrum. (Supplement) | Do. | Do. | Catalogue. | Do. | Do. | 13-9-83 | 14 | Do. | | 500 | Do | | | | Do. |
| 32 | 79 F | Census Report of 1901. | Malayalam. | Do. | Report. | Do. | Do. | 22-9-83 | 126 | F. Folio | | 503 | Do | | | | Do. |

Huzur Cutcherry,
Trivandrum, 6th June 1908.

K. VENKATA RAO,
For Chief Secretary to Government.

### NOTICE.

The Beginners' set of Mathematical Instruments (price per set Re. 1. 2 as.) made and sold by Messrs. Macmillan & Co., Ld., Hornby Road, Bombay, has been approved by Government for use in the schools in this State.

Huzur Cutcherry,
Trivandrum,
30th May 1908.

E. MAHADEVA IYER,
Acting Chief Secretary to Government.

### പരസ്യം

ബൊംബെ ഹൊൺബി റോഡിലുള്ള മെസ്സേഴ്സ് മാക്മില്ലൻ ആൻഡ് കമ്പനി ഉണ്ടാക്കി വില്ക്കുന്ന (ഒരു സെറ്റിനു ൧ രൂപാ ൨ അണാ വിലയുള്ള) ബിഗിനേഴ്സ് സെറ്റ് ഓഫ് മാത്തമാറ്റിക്കൽ ഇൻസ്ട്രുമെന്റ്സ് ഈ സംസ്ഥാനത്തെ പള്ളിക്കൂടങ്ങളിൽ ഉപയോഗിച്ചുകൊള്ളുന്നതിനു ഗവൎമ്മെണ്ടു അനുവദിച്ചിരിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം.
൧൯൦൮ മേ ൩൦

ആർ. മഹാദേവയ്യർ,
ആക്ടിങ്ങ് ഗവൎമ്മെണ്ടു ചീഫ് സിക്രട്ടറി.

No. J. 2674.

### NOTICE.

It is hereby notified for general information that the undermentioned Coir rugs manufactured in the Central Prison, will be sold in public auction by Messrs. Marse and Co., Trivandrum, at their premises on Saturday the 4th July 1908/21st Auny 1083, from 8 to 11 A. M.

(1) Coir Rugs (4' × 2') plain.
(2) Do. (Do.) coloured.
(3) Do. (3' × 1½') plain.
(4) Do. (Do.) coloured.

Huzur Cutcherry,
Trivandrum
15th June, 1908.

K. NARAYANAN PANDALAI,
For Chief Secretary to Government.

### പരസ്യം.

സകല ജനങ്ങളും അറിയുന്നതിനായി ഇതിനാൽ പരസ്യപ്പെടുത്തുന്നതെന്തെന്നാൽ

സെൻട്രൽ പ്രിസണിൽ ഉണ്ടാക്കപ്പെട്ട താഴെ പറയുന്ന കയറു മെത്തകളെ ൧൯൦൮ ജൂലൈ ൪-ാം൹ ൧൦൮൩ മിഥുനം ൨൧-ാം൹ ശനിയാഴ്ച കാലത്തു ൮ മണി മുതൽ ൧൧ മണി വരെ തിരുവനന്തപുരം മെസ്സേഴ്സ് മാർസ് ആൻഡ് കമ്പനി അവരുടെ സ്ഥലത്തു വച്ചു ലേലത്തിൽ വില്ക്കുന്നതാകുന്നു.

(൧) ൪ അടി നീളവും ൨ അടി വീതിയും ഉള്ളതു സാദാ.
(൨) ടി ടി ചായമിട്ടതു.
(൩) ൩ അടി നീളവും ൧½ അടി വീതിയും ഉള്ളതു സാദാ.
(൪) ടി ടി ചായമിട്ടതു.

ഹജൂർകച്ചേരി,
തിരുവനന്തപുരം.
൧൯൦൮ ജൂൺ ൧൫

ഗവൎമ്മെണ്ടു ചീഫ് സെക്രട്ടറി അവർകൾക്കു വേണ്ടി,
കെ. നാരായണൻ പണ്ടാല.

## NOTICE.

In supersession of the Government Notice dated 14th May 1885/2nd Idavom 1060 published on page 175 of the Government Gazette dated the 26th May 1885, notice is hereby given that Stamp Register Form No. I, which vendors of stamps are required to maintain under Section 37 of the Rules dated 25-7-05, regarding the manufacture, custody, supply and sale of stamps, will in future be issued to licensed stamp vendors by the Treasury officers on payment of one Sirkar Rupee a copy.

Huzur Cutcherry,
Trivandrum,
25th May 1908.

T. R. RATNAM AIYAR,
Acting Financial Secretary.

## പരസ്യം

൧൮൮൫ മേ ൨൬-ാം-യിലെ ഗവമെന്റു ഗസെററിൽ ൧൭൫-ാം പുറത്തു പ്രസിദ്ധം ചെയ്തിട്ടുള്ള ൧൮൮൫ മേ ൧൪-ാം-ക്കു ൧൦൬൦ ഇടവം ൨-ാം-യിലെ ഗവമെന്റു പരസ്യത്തെ റദ്ദുചെയ്തു ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ സ്ടാമ്പു ഉണ്ടാക്കുക, സൂക്ഷിക്കുക, അയക്കുക, വില്ക്കുക ഇവയെ സംബന്ധിച്ചു ൧൯൦൫ ജൂലൈ ൨൫-ാം- ഉണ്ടാക്കീട്ടുള്ള ചട്ടങ്ങളിൽ ൩൭-ാം വകുപ്പു അനുസരിച്ചു സ്ടാമ്പുവെണ്ടർമാർ വെക്കുന്നതിനു ആവശ്യപ്പെട്ടിട്ടുള്ള ൧-ാം നമ്പർ സ്ടാമ്പു രജിസ്റ്റർ പുസ്തകം മേലാൽ ഖജാനാ ആഫീസർമാർ ഒരു പ്രതിക്കു ഒരു സർക്കാർ രൂപാ വീതം വിലയിന്മേൽ ലൈസൻസു പിടിച്ച സ്ടാമ്പുവെണ്ടർമാക്കു കൊടുക്കുന്നതാകുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം.
൧൯൦൮ മേ ൨൫-ാം-

ടി. ആർ. രത്നം അയ്യർ,
ആക്ടിംഗ് ഫൈനാൻഷ്യൽ സിക്രട്ടരി.





# TRAVANCORE GOVERNMENT GAZETTE

VOL. XLVI.] TRIVANDRUM, TUESDAY, June 16, 1908. / Mithunam 3, 1083. No. 24.


## Part II.— രണ്ടാം ഭാഗം

കൊല്ലം ഡിവിഷൻ കച്ചേരിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

അമ്പലപ്പുഴ ആലപ്പുഴ ഈ ഊട്ടുകളിൽ ൧൦൮൪-ാമാണ്ടു ഒന്നാം തിങ്ങൾ ഉൾപ്പെട്ട ചിലവുവകക്കു വേണ്ട ചെമ്പാ കാക്കറി മുതലായ സാമാനങ്ങളും അമ്പലപ്പുഴ ദേവസ്വം നിത്യനിദാനം ഉൾപ്പെട്ടവകക്കു ആവശ്യം ഉള്ള സാമാനങ്ങളും കുത്തക കൊടുക്കുന്നതിനു മിഥുനമാസം ൧൫-ാം തീയതി പകൽ ൧൨ മണിമുതൽ ൩ മണിവരെ താലൂക്കു കച്ചേരിയിൽ വച്ചു ലേലം വിളിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്നു. അതിനു ചേരുന്നതിനു മനസ്സുള്ള ആളുകൾ ഹാജരായി ബോധിപ്പിക്കണം.

൨. ലേലത്തിൽ ചേരുന്നതിനു ഓരോരുത്തരും പത്തു രൂപാവീതം ഡിപ്പോസിറ്റ് വെക്കേണ്ടതും അല്ലാത്തപക്ഷം ലേലത്തിൽ ചേർക്കുന്നതല്ലാത്തതും ആകുന്നു. ലേലം സ്ഥിരപ്പെട്ട ഉടനെ സ്ഥിരപ്പെടുന്നവരുടെ തുക ഒഴികെ ശേഷം പേരുടെ രൂപാ തിരികെ കൊടുക്കുന്നതായിരിക്കും. സ്ഥിരപ്പെടുന്ന ആൾ കുത്തക ശരിയായി നടത്തുമെന്നുള്ള ഉറപ്പിനുവേണ്ടി മുൻപു ഹാജരാക്കുന്നതുൾപ്പെടെ കുത്തകവിലയിൽ എട്ടിലൊരുഭാഗം ഡിപ്പോസിറ്റ് അടുത്തദിവസം വെക്കുന്നതിനു കല്പിക്കണം. അങ്ങിനെ വെക്കാതെയിരുന്നാൽ ആദ്യ ഡിപ്പോസിറ്റിനെ സർക്കാരിലേക്കു മുതൽകൂട്ടുന്നതു കൂടാതെ രണ്ടാമതു ലേലം വിളിപ്പിച്ചോ മറ്റോ വേറെ വിധം വ്യവസ്ഥ ചെയ്യുന്നതിൽ വച്ചുണ്ടാകുന്ന നഷ്ടത്തിനു കുത്തകക്കാരൻ ഉത്തരവാദിയായി തീരുന്നതും ആകുന്നു ലാഭം ഉണ്ടായാൽ അവകാശപ്പെടുന്നതും അല്ല.

൩. ഏല്പിക്കേണ്ടതായ സാമാനങ്ങളുടെ സംഖ്യയും തരവും അറിയണമെന്നുണ്ടായിരുന്നാൽ താലൂക്കിൽ ഹാജരായി ചോദിച്ചാൽ പറയുന്നതാണു. സാമാനം കൂടുതലായോ കുറവായോ ആവശ്യപ്പെടുന്നതുപോലെ ഏല്പിക്കണം. ഈ വകക്കു ആവശ്യം ഉള്ള സാമാനങ്ങൾ കലവറസ്ഥലത്തും മറ്റും അതിലേക്കു നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളിലും ൧൦൮൪-ാമാണ്ടു ചിങ്ങമാസം ൧-ാം മുതൽ കൊണ്ടുചെന്നു നടപ്പനുസരിച്ചു അളന്നും തൂക്കിയും എണ്ണിയും ഏല്പിക്കണം.

൪. ഒരുതവണക്കുള്ള സാമാനങ്ങളെല്ലാം ഏല്പിച്ചു തീർന്നാൽ അതിലേക്കുള്ള കണക്കു തീർത്തു തിരവു വരുന്നതായ പണം മുഴുവനും രണ്ടു ദിവസത്തിനകം കൊടുക്കയും ഈ ക്രമത്തിനു അവസാനം വരെ നടക്കയും ചെയ്യുന്നതും ഒടുവിലത്തെ തവണക്കുള്ള സാമാനങ്ങളെല്ലാം ഏല്പിച്ചു തീർന്നാൽ എല്ലാ കണക്കുകളും സമമായി തീർന്നാൽ പിന്നെ ഡിപ്പോസിറ്റ് തിരികെ കൊടുക്കുന്നതും ആകുന്നു.

൭. ഏതെങ്കിലും സാമാനങ്ങൾ യഥാസമയം ശരിയായും ഏല്പിക്കാതെയിരിക്കയൊ കരാറുകാരൻറെ വീഴ്ചയിനാലൊ നടപടിത്തെറ്റിനാലൊ ഏതെങ്കിലും കരാറുകൾ തെറ്റുകയൊ ചെയ്താൽ അതിൽവച്ചുണ്ടാകുന്ന നഷ്ടങ്ങൾക്കു കുത്തകക്കാരൻ ഉത്തരവാദിയായിരിക്കുന്നതും ആ നഷ്ടത്തിനു ഡേമണിക്കു പുറമെ വസ്തുവിലും പ്രവേശിച്ചു ഈടാക്കുന്നതായിരിക്കും.

൮. സാമാനങ്ങളെല്ലാം ഒന്നിച്ചൊ ഇനംതിരിച്ചോ വെവ്വേറെയൊ ഒരാൾക്കൊ പലൎക്കൊ കൊടുക്കുന്നതായിരിക്കും ലേലം സ്ഥിരപ്പെടുത്തുന്നതും തള്ളുന്നതും സൎക്കാരിലെ യുക്തംപോലെ ആയിരിക്കുന്നതും ആകുന്നു എന്നു.

൧൦൭൫ാമാണ്ടു ഇടവമാസം ൨൫-

ദിവാൻപേഷ്കാർ,
അയ്യപ്പൻ കേശവൻ.
പകരം അസിസ്റ്റൻറ,
കെ. അനന്തനാരായണയ്യർ.

---

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

വൈക്കം താലൂക്കിൽ ചേൎന്ന വൈക്കത്തു ഊട്ടിൽ വച്ചു ൧൦൭൬ാമാണ്ടു നടത്തിപ്പാനുള്ള തിങ്കൾ ഉൾപ്പെട്ട വകക്കു വേണ്ട കോപ്പുകൾ കുത്തകയായി ഏല്പിക്കുന്നതിനു മിഥുനമാസം ൧൦൲ വൈക്കം താലൂക്കിലും ൧൫൲ ഈ കച്ചേരിയിലും വച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ഓരോരുത്തരും ൫ രൂപാ വീതം ഡേമണി വെക്കാതെ ലേലത്തിൽ ചേരുന്നതിനു അനുവദിക്കുന്നതല്ല. കുറഞ്ഞ തുകക്കു ഏല്പെടുന്നവരിടെമേൽ സൎക്കാരിലെ യുക്തംപോലെ ഗവൎമ്മെണ്ടു അനുവാദപ്രകാരം ലേലം സ്ഥിരപ്പെടുത്തി ഊട്ടിൽ ഒരുഭാഗം ഡേമണിയും ലേലക്കാരൻറെ ചിലവിന്മേൽ ഉടമ്പടിയും വെപ്പിച്ചു കുത്തക കൊടുത്തു നടത്തിക്കുന്നതും അടിയന്തരം കഴിഞ്ഞു കണക്കു തീൎപ്പിച്ചു പണം കൊടുപ്പിക്കുന്നതും ആകുന്നു.

ലേലത്തിൽ ചേരുന്നതിനു ഡേമണി വച്ചിട്ടുള്ളതിൽ ലേലം സ്ഥിരപ്പെടുന്നവരിടെ തുക അവർ കുത്തകയുടെ ഉറപ്പിനു വെക്കേണ്ട ഡേമണിക്കു ഉപയോഗപ്പെടുത്തുകയും ശേഷം പേരുടെ ഡേമണി ഉടൻ തിരിയെ കൊടുക്കുകയും ചെയ്യുന്നതാണു. ലേലത്തിൽ പിടിച്ചതിനു ശേഷം ഉടമ്പടി മുതലായതു വെക്കാതെയൊ ഉടമ്പടി വച്ചതിൻറെശേഷം അതിലെ താല്പൎയ്യപ്രകാരം ശരിയായി നടക്കാതെയൊ ഇരുന്നാൽ ഡേമണി വച്ചിട്ടുള്ള സംഖ്യ പ്രായശ്ചിത്തമായി മുതൽകൂട്ടിക്കുന്നതു കൂടാതെ വേറെ വിധം ഏൎപ്പാടു ചെയ്തു നടത്തിക്കുന്നതിൽവച്ചു ഉണ്ടാകുന്ന സകല നഷ്ടങ്ങളും കരക്കടിശ്ശിഖപോലെ ലേലക്കാരനിൽനിന്നും ഈടാക്കുന്നതാണു.

൧൦൭൫ാമാണ്ടു ഇടവമാസം ൨൫-

ദിവാൻപേഷ്കാർ നാരായണയ്യൻ സുബ്രഹ്മണ്യയ്യർ,
പകരം അസിസ്റ്റൻറ,
എൻ. രാജാരാമരായർ.

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ചേൎത്തല താലൂക്കിൽ ചേൎന്ന ചേൎത്തല ഊട്ടിൽവച്ചു ൧൦൭൬ാമാണ്ടു നടത്തിപ്പാനുള്ള തിങ്കൾ അടിയന്തിരത്തിനു വേണ്ട കോപ്പുകൾ കുത്തകയായി ഏല്പിക്കുന്നതിനു മിഥുനം ൧൦൲ ചേൎത്തല താലൂക്കിലും ൧൫൲ ഈ കച്ചേരിയിലും വച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ഓരോരുത്തരും ൫ രൂപാ വീതം ഡേമണി വെക്കാതെ ലേലത്തിൽ ചേരുന്നതിനു അനുവദിക്കുന്നതല്ല. കുറഞ്ഞ തുകക്കു ഏല്പെടുന്നവരുടെ മേൽ സൎക്കാരിലെ യുക്തംപോലെ ഗവൎമ്മെണ്ടനുവാദപ്രകാരം ലേലം സ്ഥിരപ്പെടുത്തി ഊട്ടിൽ ഒരു ഭാഗം ഡേമണിയും ലേലക്കാരൻറെ ചിലവിന്മേൽ ഉടമ്പടിയും വെപ്പിച്ചു കുത്തക കൊടുത്തു നടത്തിക്കുന്നതും അടിയന്തരം കഴിഞ്ഞു കണക്കു തീൎപ്പിച്ചു പണം കൊടുപ്പിക്കുന്നതും ആകുന്നു.

ലേലത്തിൽ ചേരുന്നതിനു ഡേമണി വച്ചിട്ടുള്ളതിൽ ലേലം സ്ഥിരപ്പെടുന്നവരുടെ തുക അവർ കുത്തകയുടെ ഉറപ്പിനു വെക്കേണ്ട ഡേമണിക്കു ഉപയോഗപ്പെടുത്തുകയും ശേഷം പേരുടെ ഡേമണി ഉടൻ തിരിയെ കൊടുക്കുകയും ചെയ്യുന്നതാണു. ലേലത്തിൽ പിടിച്ചതിനു ശേഷം ഉടമ്പടി മുതലായതു വെക്കാതെയൊ ഉടമ്പടി വച്ചതിൻറെ ശേഷം അതിലെ താല്പ

ശ്യപ്രകാരം ശരിയായി നട[illegible] [illegible] പ്രായ[illegible] [illegible] മുതൽകൂട്ടിക്കന്നതുകൂടാതെ [illegible] [illegible] ന്ന സകല നഷ്ടങ്ങളും കരകടിശ്ശിഖപോലെ [illegible]

൮൩-മാണ്ടു ഇടവമാസം ൨-ന്നു

ദിവാൻ പേഷ്കാർ [illegible] സുബ്രഹ്മണ്യയ്യർ,
പകരം അസിസ്റ്റൻറ്,
എൻ. [illegible]

കോട്ടയം ഡിവിഷൻകച്ചേരിയിൽ നിന്നു
പരസ്യംചെയ്യുന്നതു എന്തെന്നാൽ

ചെർത്തല താലൂക്കിൽ ചേൎന്ന [illegible] വച്ചു ൮൩-മാണ്ടു [illegible] ഉള്ള തിങ്ങൾ അടിയന്തരത്തിനു വേണ്ട [illegible] ഏല്പിക്കുന്ന തിനു മിഥുനമാസം ൧൦-ന്നു ചെർത്തല താലൂക്കിലും [illegible] വച്ചു ലേലംചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ഓരോരുത്തരും ൫ രൂപാ വീതം ഡേമണി കെട്ടാതെ ലേലത്തിൽ ചേരുന്നതിനു അനുവദിക്കുന്നതല്ലാ. [illegible] ഏല്പിക്കുന്നവരുടെ [illegible] ലിലെ യുക്തംപോലെ ഗവൎമ്മെണ്ടു അനുവാദപ്രകാരം ലേലം സ്ഥിരപ്പെടുത്തി [illegible] ഡേമണിയും ലേലക്കാരൻെറ ചിലവിന്മേൽ ഉടമ്പടിയും [illegible] കൊടുത്തു നടത്തി ക്കുന്നതും അടിയന്തരം കഴിഞ്ഞു കണക്കു തീൎപ്പിച്ചു പണം കൊടുപ്പിക്കുന്നതും ആകുന്നു.

ലേലത്തിൽ ചേരുന്നതിനു ഡേമണി വച്ചിട്ടുള്ളതിൽ ലേലം സ്ഥിരപ്പെടുന്നവരുടെ [illegible] അവർ കരാറുകയുടെ ഉറപ്പിനു വെക്കേണ്ട ഡേമണിക്കു ഉപയോഗപ്പെടുത്തുകയും [illegible] രുടെ ഡേമണി ഉടൻ തിരിച്ചു കൊടുക്കുകയും ചെയ്യുന്നതാണ്. ലേലത്തിൽ പിടിച്ചതിനു [illegible] ഉടമ്പടി മുതലായതു [illegible] ഉടമ്പടി വച്ചതിൻെറ [illegible] താൽപൎയ്യപ്രകാ രം ശരിയായി നടക്കാതെയോ ഇരുന്നാൽ ഡേമണി വച്ചിട്ടുള്ള സംഖ്യ പ്രായശ്ചിത്തമായി മുതൽകൂട്ടിക്കുന്നതുകൂടാതെ വേറെ വിധം ഏൎപ്പാടുചെയ്തു നടത്തിക്കുന്നതിൽവച്ചു ഉണ്ടാകുന്ന സ കല നഷ്ടങ്ങളും കരകടിശ്ശിഖപോലെ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമാകുന്നു.

൮൩-മാണ്ടു ഇടവമാസം ൨-ന്നു

ദിവാൻപേഷ്കാർ നാരായണയ്യർ സുബ്രഹ്മണ്യയ്യർ,
പകരം അസിസ്റ്റൻറ്,
എൻ. [illegible]

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നു
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

മൂവാറ്റുപുഴ താലൂക്കിൽ ചേൎന്ന മൂവാറ്റുപുഴ [illegible] വച്ചു ൮൩-മാണ്ടു നടത്തിപ്പാനു ള്ള തിങ്ങൾ അടിയന്തരത്തിനു വേണ്ട കോപ്പുകൾ [illegible] ഏല്പിക്കുന്നതിനു മിഥുന മാസം ൧൦-ന്നു മൂവാറ്റുപുഴ താലൂക്കിലും ൮൩-ന്നു കച്ചേരിയിലും വച്ചു ലേലംചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ഓരോരുത്തരും ൫ രൂപാ വീതം ഡേമണി കെട്ടാതെ ലേലത്തിൽ ചേരുന്നതിനു അനുവദിക്കുന്നതല്ലാ. [illegible] ഏല്പിക്കുന്നവരുടെ മേൽ [illegible] യുക്തംപോലെ ഗവൎമ്മെണ്ടു അനുവാദപ്രകാരം ലേലം സ്ഥിരപ്പെടുത്തി [illegible] ഡേ മണിയും ലേലക്കാരൻെറ ചിലവിന്മേൽ ഉടമ്പടിയും [illegible] നടത്തിക്കു ന്നതും അടിയന്തരം കഴിഞ്ഞു കണക്കു തീൎപ്പിച്ചു പണം കൊടുപ്പിക്കുന്നതും ആകുന്നു.

ലേലത്തിൽ ചേരുന്നതിനു ഡേമണി വച്ചിട്ടുള്ളതിൽ ലേലം സ്ഥിരപ്പെടുന്നവരുടെ തുക അവർ കരാറുകയുടെ ഉറപ്പിനു വെക്കേണ്ട ഡേമണിക്കു ഉപയോഗപ്പെടുത്തുകയും [illegible] ഷം പേരുടെ ഡേമണി ഉടൻ തിരിച്ചു കൊടുക്കുകയും ചെയ്യുന്നതാണ്. ലേലത്തിൽ പിടിച്ച [illegible] ഉടമ്പടി മുതലായതു [illegible] ഉടമ്പടി വച്ചതിൻെറ [illegible] താൽപൎയ്യപ്രകാരം ശരിയായി നടക്കാതെയോ ഇരുന്നാൽ ഡേമണി വച്ചിട്ടുള്ള സംഖ്യ പ്രായ ശ്ചിത്തമായി മുതൽകൂട്ടിക്കുന്നതുകൂടാതെ വേറെ വിധം ഏൎപ്പാടുചെയ്തു നടത്തിക്കുന്നതിൽവച്ചു ഉണ്ടാകുന്ന സകല നഷ്ടങ്ങളും കരകടിശ്ശിഖപോലെ ലേലക്കാരനിൽ നിന്നും ഈടാക്കുന്ന താണ്.

൮൩-മാണ്ടു ഇടവമാസം ൨-ന്നു

ദിവാൻപേഷ്കാർ നാരായണയ്യർ സുബ്രഹ്മണ്യയ്യർ,
പകരം അസിസ്റ്റൻറ്,
എൻ. രാജാരാമയ്യർ.

അമ്പലപ്പുഴ താലൂക്ക കച്ചേരിയിൽ നിന്നും പരസ്യംചെയ്യുന്നതു എന്തെന്നാൽ

അമ്പലപ്പുഴ ക്ഷേത്രത്തിൽ നിത്യനിദാനം നിവേദ്യം മുതലായതു വയ്ക്കുന്നതിനു ദിവസം ഒന്നിനു വരു ഇടങ്ങഴി വേണ്ടതിനു രൂ|= പണമായിട്ട ആമയിട കിഴക്കെ പുത്തൻപുരയ്ക്കൽ വീട്ടിൽ അയ്യപ്പൻ ഗോവിന്ദനും, എരിച്ച മിച്ചം കടകൊള്ളിനു രൂ൦|= പണമായിട്ട അമ്പലപ്പുഴ വലിയമഠത്തിൽ നാരായണൻ നീലകണ്ഠൻ ഉണ്ണിയും വരുമാനം മുതൽ ഏറ്റിട്ടുള്ള കാലാവധി ൧൦൯൦-മാണ്ടു കർക്കടകമാസംവരെ തീരുന്ന വിവരത്തിനു മേൽപ്പടി ക്ഷേത്രത്തിൽനിന്നും റിപ്പോർട്ടു വന്നിരിക്കുന്നതിനാൽ ൧൦൯൧-മാണ്ടേത്തെക്ക ആവശ്യമുള്ള വിറകിനും ആയാണ്ടത്തെ കടകൊള്ളിനും കുത്തകകൾ കല്പിക്കപ്പെട്ടതേണ്ടതിലേക്ക ൧൦൯൦ മിഥുനമാസം ൨൦൹ ൧൦-ം കച്ചേരിയിൽവച്ച ലേലം വിളിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്നു. ലേലത്തിൽ ചേരുന്നതിനു മനസ്സുള്ള ആളുകൾ ഹാജരായി ബോധിപ്പിക്കേണ്ടതും ലേലത്തിനു ചേരുന്നതിനു ൧൦ രൂപാ ഡിപ്പോസിറ്റു വെക്കേണ്ടതുമാകുന്നു.

കുത്തകക്ക വിറകു കൂടുതൽ സംഖ്യക്ക കടകൊള്ളിയും ഏല്ക്കുന്നവരുടെമേൽ ലേലം സ്ഥിരപ്പെടുത്തുന്നതും ശേഷം ആളുകളുടെ ഡിപ്പോസിറ്റു തിരിച്ചു കൊടുക്കുന്നതുമാണു. ലേലം സ്ഥിരപ്പെടുന്ന ആൾ കുത്തക ശരിയായി നടക്കുമെന്നുള്ള ഉറപ്പിനുവേണ്ടി ആദ്യം ൧൦ രൂപാ വച്ചതുൾപ്പെടെ ഒരുമാസത്തെ കുത്തകവില അടുത്തദിവസം ഡിപ്പോസിറ്റു കെട്ടിവയ്ക്കയും ലേലം സ്ഥിരപ്പെടുത്തി ഉത്തരവു ഉണ്ടായ ഉടനെ കുത്തക നടക്കേണ്ടും ക്രമത്തിനു മുദ്രപ്പത്രത്തിൽ ഉടമ്പടി എഴുതി ഹാജരാക്കുകയും ചെയ്യേണ്ടതും അങ്ങിനെ ഡിപ്പോസിറ്റോ ഉടമ്പടിയോ വയ്ക്കാതെ രണ്ടാമതു ലേലംവിളിപ്പിച്ചോ മറ്റൊ വേറെവിധം വ്യവസ്ഥചെയ്യുന്നതിനു ഇടവന്നാൽ അതിൽവച്ചുണ്ടാകുന്ന നഷ്ടത്തിനു കുത്തകക്കാരൻ ഉത്തരവാദിയായി തീരുന്നതുമാകുന്നു.

ഓരൊ ദിവസത്തേക്ക ആവശ്യമുള്ള വിറക എല്ലാസമയത്തും വിറകുപുരയിൽ ശേഖരിച്ചു ഇട്ടിരിക്കേണ്ടതും അതതു ദിവസത്തേക്കവേണ്ട വിറക ഉണങ്ങിയതായി ദേവസ്വക്കാരെ ബോധ്യപ്പെടുത്തി തലേ ദിവസം തന്നെ തൂക്കി ഏല്പിക്കേണ്ടതുമാകുന്നു.

ഓരോ മാസത്തേക്കു ആവശ്യമുള്ള വിറക ഏല്പിച്ചുതീർന്നാൽ അതിന്റെ വില മറു മാസം ഇരുപതാം തീയതിക്കകം കൊടുക്കുന്നതും അതിനുപുറമെ കുത്തക അവസാനംവരെ നടന്നതിന്റെശേഷം ഡിപ്പോസിറ്റു തിരിച്ചു കൊടുക്കുന്നതും വിറക ഉണക്കമുള്ളതായും ശരിയായും ഏല്പിക്കാതെ ഇരിക്കുന്നതിനാലൊ മറ്റൊ വീഴ്ചക്ക ഇടവന്നു കൈവശമാക്കി നടത്തേണ്ടതായി വന്നാൽ അതിൽവച്ചു ഉണ്ടാകുന്ന സകല നഷ്ടത്തിനും കുത്തകക്കാരൻ ഉത്തരവാദിയായി തീരുന്നതുമാകുന്നു.

൧൦൯൦ ഇടവം ൩൦-൹ തഹശീൽദാർ പി. ശങ്കരലിംഗംപിള്ള.

---

നമ്പർ ൩൩൭൭.

ആലങ്ങാട്ട താലൂക്ക കച്ചേരിയിൽ നിന്നും പരസ്യംചെയ്യുന്നതു.

ആലങ്ങാട്ട പ്രവൃത്തിയിൽ എഴുതിചേർത്തിട്ടില്ലാത്ത കൊങ്ങോർപ്പിള്ളി ക്ഷേത്രത്തിൽ ശാന്തിക്ക മാസപ്പടി പണം അടിയന്തിരം കൂടെ നമ്പൂരിയൻ മകൻ പരമേശ്വരൻ എമ്പ്രാൻ ൧൦൮൭-മത ചിങ്ങം ൧൹ മുതൽ മൂന്നു വർഷത്തേക്ക ഏറ്റിരുന്ന കാലാവധി ഈ വരുന്ന ൧൦൯൦-മാണ്ടു ചിങ്ങമാസം ൩൧൹ കൊണ്ടു കഴിയുന്നതാകയാൽ വീണ്ടും ൩ വർഷത്തേക്ക ആയ്ക്കപ്പെടുന്നതിനു ഈ വരുന്ന മിഥുനമാസം ൨൦൹ ഈ താലൂക്കിൽവച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ശാന്തിക്ക മാസം ൧-ക്ക നെല്ലു ശമ്പളം ഉണ്ടു. ശാന്തി നടത്തുന്നതിനു അർഹതയും മനസ്സും ഉള്ള ആളുകൾ അവധിദിവസം കച്ചേരിയിൽ ഹാജരായി ലേലം വിളിക്കയും കൂടുതൽ സംഖ്യക്ക പിടിക്കുന്നവർ അടിയാസംഖ്യയിൽ മൂന്നിലൊന്നു ഡിപ്പോസിറ്റു ഉടനേയും ബാക്കിസംഖ്യയും നീട്ടു ചീട്ടു വാങ്ങിക അടക്കവരു ഇതുകളും ലേലം ചെയ്തു അനുവദിച്ചു ഉത്തരവു വന്നു തെര്യപ്പെടുത്തുമ്പോഴും കെട്ടിവെക്കേണ്ടതും സ്വന്തം ചിലവിന്മേൽ മുദ്രപ്പത്രത്തിൽ ഉടമ്പടി എഴുതിവെക്കേണ്ടതും ആകുന്നു.

അങ്ങിനെ ഡിപ്പോസിറ്റുമുതലായതു കെട്ടിവയ്ക്കാതെയും ഉടമ്പടിവയ്ക്കാതെയും ഇരുന്നാൽ വീണ്ടും ലേലംചെയ്തു ഭരമേല്പിക്കുന്നതും ആയതുമൂലം സംഖ്യ കെട്ടിവച്ചിരുന്നാൽ അയതു പ്രായശ്ചിത്തമായി കൂടുതൽ കൂട്ടുന്നതും മറ്റു ലേലത്തിൽ കുറവുവന്നാൽ അതിലേക്ക ആദ്യ ലേലക്കാരൻ ഉത്തരവാദിയായി തീരുന്നതും കൂടുതൽ വന്നാൽ ലേലക്കാരനു അവകാശം ഇല്ലാത്തതും ആണ്. ഏല്പിക്കുന്ന ആൾ ആയാളിടെ കാലാവധിക്കശേഷം ശാന്തി ഒഴിക്കേണ്ടി വന്നാൽ വേറെ ആളെ ഏല്പിക്കുന്നതുവരെ അങ്ങിനെ നടത്തേണ്ടതും വീതപ്രകാരം ഉള്ള അടിയന്തര ഉപകരണം അതാതു മാസത്തിൽ കെട്ടിവെക്കേണ്ടതും ആകുന്നു എന്നു.

൧൦൯൦ ഇടവം ൩൦൹ തഹശീൽദാർ എസ്സ്. കെ. മഹാദേവയ്യൻ.

NOTICE.

1. Sealed tenders are hereby invited for the monthly supply of provisions as per list annexed which will be required for the use of the Zoological Department and Public Gardens, from the 1st Avvany 1084.

2. The tenders will be opened by the undersigned at 8-30 A. M. on Wednesday 8th July 1908/25th Auny 1083, in the presence of such of the parties interested as may desire to attend at the Public Gardens Office.

3. The tenders should specify the rates at which each article will be supplied.

4. The tenders should be accompanied with a sum of British Rupees (50) fifty in Indian currency notes as earnest money.

5. All articles should be of the *best* quality. All kinds of grains &c., should be well sifted and free from sand, bran, stones &c., and subject to the approval of the undersigned.

6. The meat after delivery and passing will be stripped off the bones and separately weighed. A proportion of one-fifth of bone by weight only will be allowed. All excess of bone will be deducted from the several weight daily, but will not be returned. The meat should be delivered in quarters with hoofs and a portion of the skin on.

7. All articles required to be supplied daily must be delivered at the Public Gardens Stores, not later than 7 A. M. and 4 P. M. and all articles requird to be supplied fortnightly must be delivered two days previous to their being required. Articles required to be supplied on indent should be delivered within 24 hours of receipt of the indent.

8. The undersigned reserves to himself the right of rejecting any or all the tenders without assigning any reason for so doing.

9. The acceptance of the tender is subject to the sanction of Government.

10. On any of the tenders being accepted the successful tenderer will not only be required to deposit at once the sum of British Rupees (100) one hundred, but also to execute an agreement binding himself to carry out the conditions of the contract without failure or otherwise subject himself to the forfeiture of the deposit amount and will be liable to have the contract cancelled.

11. The contractor shall not sublet the contract entered into by him; any violation of this provision of the contract will entail forfeiture of the deposit money and the contract

12. The earnest money of the unsuccessful tenderers will be returned to them immediately after the result of the contract is known and and that of the successful tenderer will be retained as part of the deposit money.

13. The tenders should be addressed to the "Director, Government Museum and Public Gardens" and superscribed "Tenders for supplying provisions &c., for the Public Gardens." They should be sent in by the 7th July 1908/24th Auny 1083 before 12 noon. Tenders received after that hour will be refused.

*List of provisions.*

| Name of articles. | Unit. | Approximate quantity required for one year. |
|---|---|---|
| * Beef first sort ... ... ... ... ... | per lb. | 4320 |
| * " second sort ... ... ... ... ... | " | 41400 |
| * Mutton first sort ... ... ... ... ... | " | 4320 |
| * " second sort ... ... ... ... ... | " | 4320 |
| * Goat first sort ... ... ... ... ... | " | 4320 |
| * " second sort ... ... ... ... ... | " | 4320 |
| * Bran rice ... ... ... ... ... | Edangaly. | 13392 |
| * Bread white, made of wheat flour only, each weighing 3½ ozs. ... | ¼ loaf. | 34212 |
| § Brinjal ... ... ... ... ... ... | lb. | 60 |
| § Cashew nuts ... ... ... ... ... | " | 60 |
| * Chillies green ... ... ... ... ... | " | 186 |
| † Cotton seed Eastern ... ... ... ... ... | " | 6720 |
| * Cucumber ... ... ... ... ... ... | " | 60 |
| § Eggs, fresh ... ... ... ... ... ... | Doz. | 144 |
| * Fish, fresh water ... ... ... ... ... | lb. | 5040 |
| § Fowls, full grown ... ... ... ... ... | each. | 144 |
| § Do. half grown ... ... ... ... ... | " | 144 |
| † Gram, green ... ... ... ... ... | Edangaly. | 186 |
| † Gram, Bengal ... ... ... ... ... | " | 1767 |
| † Gram, horse ... ... ... ... ... | " | 3888 |
| * Grass, per bundle of 30 lbs ... ... ... ... | bundle. | 7200 |
| § Ground nuts ... ... ... ... ... | lb. | 60 |
| § Guavas ... ... ... ... ... ... | " | 60 |
| * Milk, not less than 20'.... ... ... ... ... | bottle. | 9000 |
| * Oil cake ... ... ... ... ... ... | lb. | 10800 |
| * Onions ... ... ... ... ... ... | " | 190 |
| † Paddy ... ... ... ... ... ... | Edangaly. | 3600 |
| * Plantains ripe ... ... ... ... ... | lb. | 33100 |
| † Raggy ... ... ... ... ... ... | Eandgaly. | 186 |
| * Rice for boiling ... ... ... ... ... | " | 3720 |
| * Rice, broiled ... ... ... ... ... | Edangaly. | 230 |
| † Rice, raw ... ... ... ... ... ... | " | 372 |
| * Rice pagoda ... ... ... ... ... | lb. | 1488 |
| † Salt common ... ... ... ... ... | Edangaly. | 93 |
| § Do. Rock ... ... ... ... ... ... | lb. | 24 |
| * Straw ... ... ... ... ... ... | " | 15336 |
| § Sulphur ... ... ... ... ... ... | " | 60 |
| § Sweet potatoes ... ... ... ... ... | " | 60 |
| * Thena ... ... ... ... ... ... | Edangaly. | 48 |
| * White ants ... ... ... ... ... ... | lb. | 3720 |

* To be issued daily at the Store room.

† To be issued twice a month at the Store room.

§ To be issued on indent being sent to the contractor.

Government, Museum and Public Gardens Office,
Trivandrum, 4th June 1908.

F. W. DAWSON,
Lieut. Col., I. A.,
Director,
Government Museum and Public Gardens.

പരസ്യം.

൧. തിരുവനന്തപുരത്തു കാഴ്ചബംഗ്ലാവിൽ സൂപ്രണ്ടിന്റെ ഡിപ്പാർട്ടുമെണ്ടിലേക്കു ൧൦൮൪-ാമാണ്ടു ചിങ്ങമാസം ൧-ാം മുതൽ ആവശ്യമുള്ളതായി ലിസ്റ്റിൽ പറയുന്ന സാമാനങ്ങൾ മാസംതോറും ഏല്പിപ്പാൻ മനസ്സുള്ളവർ ദർഖാസ്തു അയക്കേണ്ടതാകുന്നു.

൨. ൧൦൮൩-ാമാണ്ടു ആനിമാസം ൨൩-ാം ബുധനാഴ്ച പകൽ പന്ത്രണ്ടുമണിക്കു കാഴ്ചബംഗ്ലാവു ആപ്പീസിൽ ആ സമയം ഹാജരാകുന്ന മനസ്സുള്ളവരുടെ മുമ്പാകെ വച്ചു ദർഖാസ്തുകൾ പൊട്ടിക്കുന്നതാകുന്നു.

൩. ഓരോ സാമാനവും ഇന്ന വിലക്കു ഏല്പിക്കാമെന്നു ദർഖാസ്തിൽ വിവരിച്ചിരിക്കണം.

൪. ദർഖാസ്തുകളോടൊന്നിച്ചു മുമ്പെറായി ഇൻഡ്യൻ കറൻസി നോട്ടുകളായിട്ടു അൻപതു ബ്രിട്ടീഷ് രൂപാ കൂടി അയക്കേണ്ടതാകുന്നു.

൫. സാമാനങ്ങൾ ഏറ്റവും നല്ലതരത്തിൽ ഉള്ളവയായിരിക്കണം. ധാന്യങ്ങൾ എല്ലാം നന്നായി കൊഴിച്ചു വൃത്തിയാക്കപ്പെട്ട മണ്ണ് തവിട് കല്ലു മുതലായവ ഇല്ലാത്തതായും ഇരിക്കണം. താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്ന ആൾ സമ്മതിക്കുന്ന സാമാനത്തെ മാത്രമേ സ്വീകരിക്കയുള്ളു.

൬. ഇറച്ചി കൊണ്ടുവന്നാൽ സമ്മതിച്ചതിന്റെ ശേഷം എല്ലുകൾ എല്ലാം മാററിയ്ക്കുന്നതാകുന്നു. തൂക്കത്തിന്റെ അഞ്ചിൽ ഒരു ഭാഗം മാത്രമേ എല്ലിനു അനുവദിക്കയുള്ളു. ഇതിൽ കൂടുതലായി കാണുന്ന എല്ലിനെ ദിവസേന തൂക്കത്തിൽ കുറയ്ക്കുന്നതാണ്. എന്നാൽ ആ എല്ലിനെ തിരിച്ചു കൊടുക്കുന്നതല്ലാ. ഇറച്ചികൾ കൊണ്ടുവരുന്നതു ഒരു മാട്ടിനെ നാലുഭാഗമാക്കി കാൽ കുളമ്പോടുചേർന്ന തൊലിയോടുകൂടിയിരിക്കണം.

൭. ദിവസേന ഏല്പിക്കേണ്ടതായ എല്ലാ സാമാനങ്ങളേയും ദിവസേനകാലത്തു ൭ മണിക്കും വൈകുന്നേരം ൪ മണിക്കും മുമ്പായി കാഴ്ചബംഗ്ലാസ്റ്റോറിൽ ഏല്പിക്കണം. രണ്ടു ആഴ്ചവട്ടത്തിൽ ഒരിയ്ക്കൽ ഏല്പിക്കേണ്ടതായ സാമാനങ്ങളെ അവ ആവശ്യപ്പെടുന്ന തിയതിക്കു രണ്ടു ദിവസം മുൻപെ ഏല്പിക്കണം. ഇൻഡന്റുപ്രകാരം ഏല്പിക്കാനുള്ള സാമാനങ്ങൾ ഇൻഡന്റു കൈപ്പററി ൨൪ മണിക്കൂറിനകം സാമാനങ്ങൾ ഏല്പിക്കാനുള്ളതാകുന്നു.

൮. യാതൊരു കാരണവും പറയാതെതന്നെ എല്ലാ ദർഖാസ്തുകളേയുമോ അവയിൽ വല്ലതിനേയുമോ തള്ളുന്നതിനുള്ള അധികാരം താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്ന ആൾക്കു ഉള്ളതാകുന്നു.

൯. ദർഖാസ്തിനെ ഗവൺമെന്റു അനുവാദത്തിന്മേൽ സ്വീകരിക്കുന്നതാകുന്നു.

൧൦. വല്ല ദർഖാസ്തിനേയും സ്വീകരിച്ചാൽ ദർഖാസ്തു സ്വീകരിക്കപ്പെട്ടവർ ഉടൻതന്നെ നൂറു (൧൦൦) ബ്രിട്ടീഷ്‌രൂപാ ഡേമണി കെട്ടിവെക്കേണ്ടതും കണ്ടുക വീഴ്ചകൂടാതെ നടത്തിക്കൊള്ളാമെന്നും ഇല്ലെങ്കിൽ ഡേമണിപ്പണം ഇളന്നുപോകുന്നതും കണ്ടുക റദ്ദുചെയ്യുന്നതും സമ്മതമാണെന്നും ഒരു ഉടമ്പടി എഴുതി ഒപ്പിട്ടുകൊടുക്കേണ്ടതും ആകുന്നു.

൧൧. കണ്ടുകക്കാരൻ താൻ ഏററിരിക്കുന്ന കണ്ടുകയെ മററു കീഴ്കണ്ടുകക്കു കൊടുക്കാൻ പാടില്ലാ. ഈ നിബന്ധനകൾക്കു ഏതെങ്കിലും വ്യത്യാസം വരുത്തുന്നതായാൽ കണ്ടുകയെ റദ്ദുചെയ്തു അതിലേക്കു വച്ചിട്ടുള്ള ഡേമണിയെ സർക്കാരിലേക്കു മുതൽ കൂട്ടുന്നതാകുന്നു.

൧൨. കണ്ടുകയുടെ വിവരം അറിഞ്ഞ ഉടനെ ദർഖാസ്തുകൾ സ്വീകരിക്കപ്പെടാത്തവർ മുമ്പെറായി അയച്ച പണത്തെ തിരിച്ചു അവർക്കു കൊടുക്കുന്നതാകുന്നു. ദർഖാസ്തു സ്വീകരിക്കപ്പെട്ട ആൾ അയച്ച പണം ഡേമണിപണത്തിന്റെ ഒരു ഭാഗമായി എടുക്കുന്നതും ആകുന്നു.

൧൩. ദർഖാസ്തുകളെ "ഗവൺമെന്റ പബ്ലിക്കു ഗാർഡൻസിലേക്കു ആവശ്യമുള്ള സാമാനങ്ങൾ വകക്കു ദർഖാസ്തു" എന്നു മേൽവിലാസം എഴുതി ൧൯൦൮ ജൂലൈ ൭-ാം ൧൦൮൩-ാമാണ്ടു ആനിമാസം ൨൩-ാം പകൽ ൧൨ മണിക്കകം കിട്ടത്തക്കവിധത്തിൽ അയക്കേണ്ടതാകുന്നു. അതിൽ പിന്നീടു വരുന്ന ദർഖാസ്തുകൾ സ്വീകരിക്കുന്നതല്ലാ.

### ദിവസേന സ്റ്റോറിൽ ഏല്പിക്കാനുള്ള സാമാനങ്ങളുടെ വിവരം

സാമാനങ്ങൾ.

മാട്ടിറച്ചി ഒന്നാംതരം റാത്തൽ ൧ക്ക
മാട്ടിറച്ചി രണ്ടാംതരം റാത്തൽ ൧ക്ക
ആട്ടിറച്ചി ഒന്നാംതരം ടി ൧ക്ക
ആട്ടിറച്ചി രണ്ടാംതരം ടി ൧ക്ക
മേശ ആട്ടിറച്ചി ഒന്നാംതരം റാത്തൽ ൧ക്ക
മേശ ആട്ടിറച്ചി രണ്ടാംതരം റാത്തൽ ൧ക്ക
നാരിത്തവിട ഇടങ്ങഴി ൧ക്ക
മുന്നൌൺസു തൂക്കമുള്ള വെള്ളഗോതമ്പു റൊട്ടി ൧ക്ക
പച്ചക്കൊല്ലമുളക റാത്തൽ ൧
വെള്ളരിക്കാ റാത്തൽ ൧ക്ക
ഉപ്പുവെള്ളം അല്ലാത്ത ജലത്തിലെ മീൻ റാത്തൽ ൧ക്ക
പച്ചപ്പുല്ലു ൩൦ പൌണ്ടുള്ളകെട്ട ൧ക്ക
പാൽക്കട്ടി (൨ റഡിഗ്രിയിൽ കുറയാതെ) ക്ക
പിണ്ണാക്ക റാത്തൽ ൧ക്ക
ചുവന്നുള്ളി റാത്തൽ ൧ക്ക
വാഴപ്പഴം റാത്തൽ ൧ക്ക
ചോറുവെക്കാനുള്ള അരിയിടങ്ങഴി ൧ക്ക
പൊരി ഇടങ്ങഴി ൧ക്ക
കോവിൽച്ചോള റാത്തൽ ൧ക്ക
തിന ഇടങ്ങഴി ൧ക്ക
വൈക്കോൽ റാത്തൽ ൧ക്ക
ചിതൽ റാത്തൽ ൧ക്ക

### മാസത്തിൽ രണ്ടുതവണയായി സ്റ്റോറിൽ ഏല്പിക്കാനുള്ള സാമാനങ്ങളുടെ വിവരം.

പറത്തിക്കുരു കിഴങ്ങൻ റാത്തൽ ൧ക്ക
കാണം ഇടങ്ങഴി ൧ക്ക
കടല ഇടങ്ങഴി ൧ക്ക
ചെറുപയറ ഇടങ്ങഴി ൧ക്ക
നെല്ലു ഇടങ്ങഴി ൧ക്ക
കൂവരക ഇടങ്ങഴി ൧ക്ക
പച്ചരി ഇടങ്ങഴി ൧ക്ക
കറിഉപ്പു ഇടങ്ങഴി ൧ക്ക

### കത്തകക്കാരനോട ആവശ്യപ്പെടുമ്പോൾ ഏല്പിക്കാനുള്ള സാമാനങ്ങൾ.

കത്തിരിക്കാ റാത്തൽ ൧ക്ക
ചുട്ടണ്ടി റാത്തൽ ൧ക്ക
മുഴുവൻ വളൎച്ചചെന്ന കോഴി ൧ക്ക
പാതിവളൎച്ചചെന്ന കോഴി ൧ക്ക
പുതിയ കോഴിമുട്ട ഡസൻ ൧ക്ക
വെൎക്കടല റാത്തൽ ൧ക്ക
പേരക്കാ റാത്തൽ ൧ക്ക
ഗന്ധകം റാത്തൽ ൧ക്ക
ചീനിക്കിഴങ്ങ റാത്തൽ ൧ക്ക
ഇന്തുപ്പ റാത്തൽ ൧ക്ക

ഗവൎമ്മെന്റ മൃഗശാലയും
പബ്ലിക്കഗാൎഡൻസും ആഫീസ്
തിരുവനന്തപുരം ൧൯൦൨ ജൂൺ ൩൦-

ലെഫ്റ്റനെന്റ കൎന്നൽ
എഫ്. ഡബ്ലിയു. ഡാസൻ ഐ.എ.,
ഡയറക്ടർ.

## Prohibitory order under Section 127 of the Travancore Criminal Procedure Code.

Whereas it has been made to appear before me that in the present state of public feeling, preaching or lecturing in any streets, squares or other public places by any class of people within the limits of the Trivandrum Town is likely to cause a disturbance of public tranquillity, and whereas it is deemed necessary that immediate prevention of such preaching or lecturing is necessary for the preservation of the public peace and for the prevention of a riot or an affray, I do hereby prohibit such preaching or lecturing by any class of people in any public street, square or other public place within the limits of the Trivandrum Town and I strictly warn and enjoin the public generally to abstain from any preaching or lecturing in public places for a period of two months from this date.

Given under my hand and the seal of the Court this 27th day of Edavom 1083.

P. RAMAKRISHNA IYER,
District Magistrate.

### തിരുവിതാംകോട്ടു ക്രിമിനൽ നടപടി നിയമം.

### ൧൨൭-ം വകുപ്പനുസരിച്ചുള്ള നിരോധന ഉത്തരവു.

